# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2207 10.10.2011 ൽ മറുപടിക്ക്

**ബസ്സ് ചാർജ് വർദ്ധന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ. | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ സംസ്ഥാനത്ത് വർദ്ധിപ്പിച്ച ബസ്സ് നിരക്കുകൾ കിലോമീറ്റർ/ഫെയർസ്റ്റേജ് അടിസ്ഥാനത്തിൽ പ്രത്യേകം ലഭ്യമാക്കുമോ ; | (എ) അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| (ബി) ഇത്ര വലിയ തോതിൽ ബസ്സ് ചാർജ് വർദ്ധിപ്പിക്കുന്നതിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ ? | (ബി) ജസ്റ്റിസ് എം.രാമചന്ദ്രൻ അദ്ധ്യക്ഷനായ ഫെയർ റിവിഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ബസ് ചാർജ്ജ് വർദ്ധന നടപ്പിലാക്കിയത്. ഇന്ധന വിലയിലുണ്ടായ വർദ്ധനവും വാഹന ഘടകങ്ങളുടെ വില വർദ്ധനവും അനുബന്ധ ചെലവുകളിലുണ്ടായ വർദ്ധനവും ആണ് ബസ്സ് ചാർജ്ജ് വർദ്ധനയ്ക്ക് കാരണമായിട്ടുള്ളത്. ഡീസൽ വില വർദ്ധനവ് ഒന്നിലധികം പ്രാവശ്യം ഉണ്ടായെങ്കിലും ഫെയർ റിവിഷൻ കമ്മിറ്റി ആദ്യ ഡീസൽ വില വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്ത പ്രകാരമുള്ള വർദ്ധനവ് മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ.<br><br>മിനിമം ചാർജ്ജ് ഫിക്സഡ് കോസ്റ്റ് ആയി കണക്കാക്കി തുടർന്ന് ഓരോ കിലോമീറ്ററിനും പഴയ നിരക്ക് കണക്കാക്കിയാണ് ചാർജ്ജ് പരിഷ്കരിച്ചിട്ടുള്ളത്. മിനിമം ചാർജ്ജ് ഓർഡിനറി ബസ്സുകൾക്ക് ഒരു ഫെയർ സ്റ്റേജിന് (2.5 കി.മി) 4 രൂപയിൽ നിന്നും 5 രൂപയായി വർദ്ധിപ്പിച്ചപ്പോൾ സഞ്ചരിക്കാവുന്ന ദൂരം 5 കിലോമീറ്റർ ആയിട്ടുണ്ട്. ഫാസ്റ്റ് പാസഞ്ചറിന് ഒരു ഫെയർ സ്റ്റേജിന് (2.5 കി.മി) 5 രൂപയിൽ നിന്നും 7 രൂപയായി വർദ്ധിപ്പിച്ചപ്പോൾ സഞ്ചരിക്കാവുന്ന ദൂരം 5 കി.മി. ആക്കിയിട്ടുണ്ട്. കിലോമീറ്റർ നിരക്കുകൾ വർദ്ധിപ്പിച്ചിട്ടില്ല. |

എന്നാൽ 50 പൈസ വരെയുള്ള നാണയങ്ങൾ നിലവിലില്ലാത്തതിനാൽ പൂർണ്ണ രൂപയായി റൗണ്ട് ചെയ്തത് നിമിത്തം ചെറിയ വർദ്ധന ഉണ്ടായിട്ടുണ്ട്.

വിദ്യാർത്ഥികളുടെ മിനിമം ചാർജിൽ മാറ്റം വരുത്തിയിട്ടില്ല. നേരത്തെ ഉണ്ടായിരുന്ന മിനിമം ചാർജ്ജ് 50 പൈസ നിലനിർത്തിയിട്ടുണ്ട്. തുടർന്നുള്ള ഓരോ രണ്ട് സ്റ്റേജുകൾക്ക് 50 പൈസ വീതം കൂട്ടി ഈടാക്കുന്ന രീതിയിലാണ് വിദ്യാർത്ഥികളുടെ കൺസഷൻ നിരക്ക് ക്രമീകരിച്ചിട്ടുള്ളത്. ഈ ക്രമീകരണം മൂലം ആദ്യത്തെ സ്റ്റേജ് ഒഴികെയുള്ള സ്റ്റേജുകളിൽ കൺസഷൻ ടിക്കറ്റ് നിരക്കിൽ ചെറിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| Sl.No. | G.O. No. | Dated | Fare Stage | Minimum fare | Per Km fare |
|---|---|---|---|---|---|
| 1. | G.O.(P)No.24/2001/Tran | 28.09.2001 | 2.50 Km | 2.00/- | 35 Ps |
| 2. | G.O.(P)No.35/2005/Tran | 24.11.2005 | 2.50 Km | 3.00/- | 48 Ps |
| 3. | G.O.(P)No.30/2008/Tran | 11.07.2008 | 2.50 Km | 4.00/- | 55 Ps |
| 4. | G.O.(P)No.25/2009/Tran | 12.02.2009 | 2.50 Km | 3.50/- | 52 Ps |
| 5. | G.O.(P)No.15/2010/Tran | 06.03.2010 | 2.50 Km | 4.00/- | 55 Ps |
| 6. | G.O.(P)No.45/2011/Tran | 06.08.2011 | 5.00 Km | 5.00/- | 55 Ps |